# കാലിരോഗങ്ങൾക്കെതിരെ കരുതൽവേണം

ക്ഷീരകർഷകർ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് കാലിരോഗങ്ങൾ. ഏതാണ്ട് എല്ലാ രോഗങ്ങളും പാലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. പശുവിന്റെ പാലുല്പാദനം ഇല്ലാതാക്കുന്നു എന്നു മാത്രമല്ല ക്ഷീരകർഷകന്റെ സാമ്പത്തിക ഭദ്രത തകർക്കാനും ഈ രോഗങ്ങൾക്ക് കഴിയും.

നിസ്സാരമെന്ന് തോന്നാവുന്നതും കർഷകർ ദൈനംദിനം നേരിടേണ്ടിവരുന്നതുമായ ചില കാലിരോഗങ്ങളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ക്ഷീരമേഖലയിലേക്ക് കടന്നുവരുന്ന കർഷകരെ ഈ രോഗങ്ങൾ പരിചയപ്പെടുത്തുകയും അവയുടെ കാരണം, ലക്ഷണം, നിവാരണം എന്നിവയെക്കുറിച്ച് ഒരു പ്രാഥമിക വിവരം നൽകുന്നതിനോടൊപ്പം പാലുത്പാദനം വർദ്ധിപ്പിക്കുകയുമാണ് ഈ ലഘുലേഖയുടെ ഉദ്ദേശം.

| രോഗം | കാരണം | ലക്ഷണം | നിവാരണം |
|---|---|---|---|
| ദഹനക്കേട് | • ആഹാരത്തിലെ മാറ്റം • അമ്ലാംശംകൂടിയ ആഹാരം (പഴുത്ത ചക്ക, കഞ്ഞി)<br>• ക്ഷാരാംശം കൂടിയ ആഹാരം (പയർവർഗചെടികൾ, പുളിങ്കുരു) •അമിതാഹാരം | •ആഹാരത്തോട് ആർത്തിയില്ലായ്മ<br>•ശരീരം ക്ഷീണിക്കുന്നു<br>•വയറിളക്കം | •ആഹാരക്രമത്തിൽ പൊടുന്നനെ മാറ്റം വരുത്താതിരിക്കുക<br>•മാറ്റം വരുത്തുന്നെങ്കിൽ പടിപടിയായി മാത്രം •ശാസ്ത്രീയമായ തീറ്റക്രമം പാലിക്കുക |
| ഉദരകമ്പനം (വയർപെരുക്കം) | •തീറ്റയിൽ നാരുകുറഞ്ഞതും ജലാംശം കൂടിയതുമായ ഇളംപുല്ല്,<br>•അന്നനാള തടസ്സം(ചക്കയുടെ പുറംതോട്, മാങ്ങയണ്ടി തുടങ്ങിയവ കഴിക്കുമ്പോൾ),<br>•മാംസ്യം അടങ്ങിയ പയർവർഗചെടികൾ,<br>•ആഹാരക്രമത്തിലെ അപാകതകൾ | •വയറിന്റെ ഇടതുവശം ക്രമാതീതമായി പെരുകിവരുന്നു.<br>•ശ്വാസമെടുക്കാൻ ബുദ്ധിമുട്ട്<br>•മൂക്കിൽ കൂടെയും വായിലൂടെയും വെള്ളം ഒലിക്കുന്നു •ഇടയ്ക്കിടയ്ക്ക് കിടക്കുകയും എഴുന്നേൽക്കുകയും ചെയ്യുന്നു | •ഉടനടി ചികിൽസയ്ക്ക് വിധേയമാക്കുക •ഇളംപുല്ല്, പയർവർഗ ചെടികൾ എന്നിവ വയ്ക്കോലുമായി ചേർത്ത് നൽകുക,<br>•മൃഗത്തിന്റെ മുൻകാലുകൾ ഉയർന്നു നിൽക്കത്തക്ക വിധത്തിൽ നിർത്തുക,<br>•പ്രഥമശുശ്രൂഷകൾ നൽകുക |
| പൂപ്പൽ വിഷബാധ | •ഫംഗസുകൾ ഉല്പാദിപ്പിക്കുന്ന മൈക്കോടോക്സിൻ,<br>•പഴകിയ തീറ്റ,<br>• ഈർപ്പമേറിയ തീറ്റ. | •തീറ്റയോട് ആർത്തിയില്ല<br>•വയറിളക്കം(ദുർഗന്ധം, മഞ്ഞനിറം)<br>•ഗർഭമലസൽ •മഞ്ഞപ്പിത്തം<br>•കാഴ്ചക്കുറവ് •ഉന്മാദ ലക്ഷണം | •പഴകിയ തീറ്റ നൽകാതിരിക്കുക<br>•ഈർപ്പമുള്ള തീറ്റ ഉണക്കി നൽകുക •ഗുണമേന്മയുള്ള തീറ്റ തിരഞ്ഞെടുക്കുക |
| വിരബാധ | • വിവിധയിനം വിരകൾ,<br>• വിരമരുന്ന് നൽകാത്തതിനാൽ,<br>• ശുചിത്വമില്ലാത്തതൊഴുത്തും പശുവും ,<br>• സമീകൃതാഹാരം ഇല്ലാത്തത്,<br>• കാലാവസ്ഥാവ്യതിയാനം. | സ്ഥിരമായ വയറിളക്കം, ആഹാരം കഴിക്കുന്നെങ്കിലും ശരീരം ശോഷിക്കുന്നു •കീഴ്ത്താടിയിൽ നീര് •പല്ലുകടിക്കുന്നു,<br>•മണ്ണ് തിന്നുന്നു | •ക്രമമായി വിരമരുന്നു നൽകുക<br>•കൃത്യമായ ഇടവേളകളിൽ ചാണകം പരിശോധിക്കുക<br>•വൃത്തിയുള്ള തൊഴുത്തും പശുവും, പരിസരവും |
| ബാഹ്യ പരാദങ്ങൾ | •ബാഹ്യപരാദങ്ങളായ ചെള്ള്, പേൻ, ഈച്ച, മൈറ്റ് തുടങ്ങിയവ, ശുചിത്വമില്ലാത്ത തൊഴുത്തും പരിസരവും, കാറ്റും വെളിച്ചവും കടക്കാത്ത തൊഴുത്ത് | •നിരന്തരമായ ചൊറിച്ചിൽ.<br>•ശരീരം ക്ഷീണിക്കുന്നു.<br>•ത്വക് രോഗങ്ങൾ<br>•രക്തക്കുറവും വിളർച്ചയും<br>•ഉന്മാദ ലക്ഷണം | •നേർപ്പിച്ച കീടനാശിനികൾ ഉപയോഗിച്ച് തൊഴുത്തും മൃഗങ്ങളെയും കീടവിമുക്തമാക്കുക.<br>•ത്വക്‌രോഗം കൂടുതലുള്ളവയെ കൂട്ടത്തിൽ നിന്ന് മാറ്റി പാർപ്പിച്ച് ഉചിതമായ ചികിൽസ നൽകുക.<br>•തൊഴുത്തും പരിസരവും ശുചിയാക്കി പരാദങ്ങളുടെ മുട്ട, ലാർവ തുടങ്ങിയവയെ നശിപ്പിക്കുക |
| അകിട്‌വീക്കം | •ബാക്ടീരിയ, വൈറസ്, ഫംഗസ് തുടങ്ങിയ സൂക്ഷ്മാണുക്കൾ •ശുചിത്വമില്ലാത്ത തൊഴുത്തും പരിസരവും<br>•അശാസ്ത്രീയമായ കറവരീതികൾ | •അകിടിൽ നീരും കല്ലിപ്പും<br>•പാലിന് നിറവ്യത്യാസം<br>•പനി •ആഹാരത്തോട് വിരക്തി,<br>•പാലിന്റെ ഘടനയിൽ മാറ്റം. | •വിദഗ്ധ ചികിൽസ<br>•ശുചിയായ തൊഴുത്ത്<br>• ശാസ്ത്രീയമായ കറവരീതി<br>• പാൽ കൃത്യമായ ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുക. |
| കീറ്റോസിസ് | • രക്തത്തിൽ ഗ്ലൂക്കോസ് കുറയുന്നത്<br>• കറവക്കാലത്തുണ്ടാകുന്നരോഗങ്ങൾ<br>• ഉത്പാദന സമ്മർദ്ദം • പോഷകാഹാര കുറവ്,<br>• വ്യായാമമില്ലായ്മ • മാംസ്യം കൂടിയ ആഹാരം | • പാലിന്റെ അളവ് പെട്ടെന്ന് കുറയുന്നു • ഖരാഹാരത്തോടുള്ള വിരക്തി • ശരീരം പെട്ടെന്ന് ക്ഷീണിക്കുന്നു • രോഗം മൂർച്ഛിച്ചാൽ ഉന്മാദലക്ഷണം.<br>• നിരന്തരം നക്കുന്നു. | • സിരാന്തരീയമായി ഗ്ലൂക്കോസ് നൽകുക • ഗർഭകാലത്തും പ്രസവാനന്തരവും സമീകൃതാഹാരം,<br>• കൃത്യമായ ഇടവേളകളിൽ മൂത്രപരിശോധന നടത്തുക |

Printed at Govt. Press, Mannanthala, Thiruvananthapuram - 2013

| | | | |
|---|---|---|---|
| ക്ഷീരസന്നി | • ഉയർന്ന പാലുല്പാദനം • ഹോർമോൺ അസന്തുലിതാവസ്ഥ • രക്തത്തിൽ കാൽസ്യത്തിന്റെ അളവ് കുറവ്, • കന്നിപ്പാലിൽകൂടി ധാരാളം കാൽസ്യം നഷ്ടപ്പെടുന്നു • തീറ്റയിൽ കാൽസ്യം കുറവ് | • പ്രസവാനന്തരം വിറയൽ, • ശരീരതാപനില കുറയുന്നു, • ആഹാരത്തോട് വിരക്തി • തല പിന്നോട്ട് വളച്ച് ശരീരത്തോട് ചേർത്ത് കിടക്കുന്നു. • നാക്ക് പുറത്തിടുന്നു. പിൻകാലുകൾക്ക് ചലനക്കുറവ് | • കാൽസ്യവും മറ്റ് അനുബന്ധ മരുന്നുകളും സിരാന്തരീയമായി നൽകുക, • വറ്റ് കറവകാലത്ത് ആഹാരത്തിൽ കാൽസ്യത്തിന്റെ അളവ് കുറയ്ക്കുക, ഫോസ്ഫറസിന്റെ അളവ് കൂട്ടുക, • പ്രായം കൂടിയ കറവപ്പശുക്കളെ വാങ്ങി വളർത്താതിരിക്കുക |
| ഗർഭാശയ പ്രൊലാപ്സ് | • ബുദ്ധിമുട്ടേറിയ പ്രസവം, • ഹോർമോൺ അസന്തുലിതാവസ്ഥ, • തൊഴുത്തിന്റെ ഘടനയിലുള്ള അപാകത | • ഗർഭാശയം പുറത്തേയ്ക്ക്, തള്ളിവന്ന് തൂങ്ങിക്കിടക്കുന്നു • രക്തസ്രാവം • മൂത്രതടസ്സം. | • ഉടനടി വിദഗ്ധ ചികിൽസ • തൊഴുത്തിന്റെ തറയുടെ ചരിവ് ആവശ്യത്തിന് മാത്രം • ഗർഭാശയ തള്ളൽ വന്നവയുടെ പിന്നീടുള്ള പ്രസവത്തിന് മുന്നോടിയായി മുൻകരുതലുകൾ എടുക്കുക |
| കുളമ്പ് രോഗം | • കുളമ്പ് രോഗ വൈറസ് • രോഗവാഹിയായ ഉരുവുമായുള്ള സാമിപ്യം • ശുചിയല്ലാത്ത തൊഴുത്തും പാത്രങ്ങളും | • കടുത്തപനി • വായിൽ നിന്നും ഉമിനീർസ്രവം • വായിലും കുളമ്പുകൾക്കിടയിലും പൊള്ളലുകൾ, • പൊള്ളലുകൾ പൊട്ടി വ്യണമാകുന്നു, ഗർഭം അലസൽ | • ഗോരക്ഷാ കുളമ്പ് രോഗ പ്രതിരോധ പരിപാടി • കുളമ്പു രോഗ പ്രതിരോധകുത്തിവയ്പ് കൃത്യമായ ഇടവേളകളിൽ നൽകുക, • രോഗം ബാധിച്ച ഉരുക്കളുമായുള്ള സമ്പർക്കം ഒഴിവാക്കുക |
| സൂര്യാഘാതം | • വേനൽക്കാലത്തെ ഉയർന്ന അന്തരീക്ഷ താപനില • കാറ്റും വെളിച്ചവും കടക്കാത്ത തൊഴുത്ത് | • കിതപ്പ് • വായിൽകൂടി നീര് ഒലിക്കുക • വായ് തുറന്ന് ശ്വാസം വിടുക • തീറ്റ അറയ്ക്കുക പച്ചവെള്ളത്തിനോട് ആർത്തി കാണിക്കുക • ഉന്മാദലക്ഷണം | • വെള്ളത്തിന്റെ ലഭ്യത അനുസരിച്ച് കുളിപ്പിക്കുകയോ സ്പ്രേ ചെയ്യുകയോ ചെയ്യാം, • തീറ്റയിൽ ഉപ്പ് ചേർത്ത് കൊടുക്കുക • തണലും കാറ്റും ഉള്ള സ്ഥലത്ത് കെട്ടുക, • തൊഴുത്തിൽ ഫാൻ ഇടുക, ധാരാളം വെള്ളം നൽകുക. |
| ലാമിനൈറ്റിസ് | • ധാന്യങ്ങൾ കൂടുതൽ അടങ്ങിയ ഭക്ഷണം കൊടുക്കുന്നത് കൊണ്ട് • പാരമ്പര്യം (ഉദാ: ഹോൾസ്റ്റീൻ വർഗ്ഗം) • കുളമ്പിലേൽക്കുന്ന പരിക്കുകൾ | • ഭക്ഷണം കഴിച്ചാലും ശരീരം ക്രമാതീതമായി ക്ഷീണിക്കും • അസഹനീയമായ മുടന്തലും വേദനയും • സ്വാഭാവിക ചലനം നഷ്ടപ്പെടുന്നു. | • റബ്ബർ മാറ്റ് ഉപയോഗിക്കുക • ശസ്ത്രക്രിയ (ഹൂഫ് ട്രിമ്മിംഗ്) |


ചീഫ് എഡിറ്റർ : **കെ. ശിവാനന്ദൻ**
*പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ*

എഡിറ്റർ : **എലിസബത്ത് ജോർജ്**
*പബ്ലിക്കേഷൻ ഓഫീസർ*

തയ്യാറാക്കിയത് : **ഡോ. ബി. ജോതിഷ്കുമാർ,** *ക്യാമ്പയിൻ ഓഫീസർ*
: **ഡോ.ബി.എൻ.ബാബുരാജ്,** *എഡിറ്റർ ഫാം ന്യൂസ്*

ലേ ഔട്ട് : **ദീപക് മൗത്താട്ടിൽ**

**ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം**


കേരള സർക്കാർ
കൃഷിവകുപ്പ്



# കാലിരോഗങ്ങൾക്കെതിരെ കരുതൽവേണം

ഫാം
ഇൻഫർമേഷൻ
ബ്യൂറോ